"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്- എം.ടി.മലബാർ, എം.ടി. ധ്വനി എന്നിവയുടെ മെയിന്റനൻസ് ആവശ്യത്തിലേയ്ക്കായി പെയിന്റും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് അനുവദിച്ച ഭരണാനുമതി റദ്ദ് ചെയ്ത് ടി പ്രവർത്തിക്ക് അനുവദിച്ച തുക മറ്റ് പ്രവർത്തികൾക്കായി ചെലവഴിച്ച നടപടി സാധൂകരിച്ച് പ്രസ്തുത പ്രവർത്തിക്ക് പുതുക്കിയ ഭരണാനുമതി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധ തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.136/2024/F&P തീയതി,തിരുവനന്തപുരം, 02-03-2024

പരാമർശം:- 1. സ.ഉ(സാധാ) 875/2022/മതുവ തീയതി 26/12/2022

2. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/03/2023, 27/7/2023,21/11/2023,17/02/2024 എന്നീ തീയതികളിലെ ഡി1-1199/2022 നമ്പർ കത്ത്

ഉത്തരവ്

എം.ടി. മലബാർ, എം.ടി. ധ്വനി എന്നിവയുടെ മെയിന്റനൻസ് ആവശ്യത്തിനായി പെയിന്റും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് 3,01,494/- രൂപയുടെ ഭരണാനുമതിയും ഫണ്ടും പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. എന്നാൽ ടി പ്രവർത്തിക്ക് പോർട്ട് ഓഫീസർ, കൊല്ലം ക്ഷണിച്ച ടെണ്ടറിൽ രണ്ട് സ്ഥാപനങ്ങൾ മാത്രം പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ തുകയായി ക്വാട്ട് ചെയ്ത തുക ഭരണാനുമതി തുകയേക്കാൾ കൂടുതലായതിനാലും ടി സാമ്പത്തിക വർഷത്തിൽ (2022-23) മേൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഇതേ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാകാത്തതിനാലും ടി പ്രവർത്തിക്ക് അനുവദിച്ച തുക പ്രവർത്തി പൂർത്തീകരിച്ച മറ്റ് മൂന്ന് പ്രവർത്തികൾക്കായി ചെലവഴിച്ച നടപടി സാധൂകരിക്കണമെന്നും എം. ടി മലബാർ, എം. ടി ധ്വനി എന്നിവയുടെ മെയിന്റനൻസിനായി പെയിന്റും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് അനുവദിച്ച ഭരണാനുമതി റദ്ദ് ചെയ്ത് പ്രസ്തുത പ്രവൃത്തിക്ക് 3,60,180/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് "5051-80-800-98 - Augmentation of Workshop and Stores Organisation-19 Machinery and Equipments എന്ന ശീർഷകത്തിൽ പോർട്ട് ഓഫീസർ, കൊല്ലത്തിനു ഭരണാനുമതി അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എം. ടി മലബാർ, ധ്വനി ടഗ്ഗുകളിലേക്ക് പെയിന്റും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് സൂചന പ്രകാരം, അനുവദിച്ച ഭരണാനുമതി റദ്ദ് ചെയ്ത് ടി പ്രവർത്തിക്ക് അനുവദിച്ച തുക പ്രവർത്തി പൂർത്തീകരിച്ച മറ്റ് മൂന്ന് പ്രവർത്തികൾക്കായി ചെലവഴിച്ച നടപടി സാധൂകരിച്ച് പ്രസ്തുത പ്രവർത്തിക്ക് 3,60,180/-(മൂന്നുലക്ഷത്തി അറുപത്തിനായിരത്തി ഒരുന്നൂറ്റി എൺപത്)രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് "5051-80-800-98 - Augmentation of Workshop and Stores Organisation-19 Machinery and Equipments എന്ന ശീർഷകത്തിൽ പോർട്ട് ഓഫീസർ, കൊല്ലത്തിനു ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU BALAN
അണ്ടർ സെക്രട്ടറി

സ.ഉ.(സാധാ) നം.136/2024/F&P

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം

✓ ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Usha P Y

സെക്ഷൻ ഓഫീസർ

Date: 02-03-2024 17:00:02